**No. P 1/15**

സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കുസ്തുതി)
അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരി.പത്രോസിന്റെ അപ്പോസ്തോലീക സിംഹാസനത്തിൻ കീഴിലുള്ള
യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ കാതോലിക്കയും മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായ

**ബസ്സേലിയോസ് തോമസ് പ്രഥമൻ**

പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ നമ്മുടെ സഹോദരന്മാരായ അഭി. മെത്രാപ്പോലീത്തന്മാർക്കും, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാർക്കും, വന്ദ്യ റമ്പാച്ചന്മാർക്കും, ബഹു. വൈദീകർക്കും, പ്രിയ ശെമ്മാശന്മാർക്കും, നമ്മുടെ എല്ലാ പള്ളികളിലേയും ബഹു.വികാരിമാരും, സഹവികാരിമാരും, കൈക്കാരന്മാരും, കമ്മറ്റിക്കാരും, ഭക്തസംഘടനാ പ്രവർത്തകരും ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യമക്കൾക്കും കർത്താവിൽ വാഴ്വ്.

**പ്രിയരെ,**

പരി.സഭയിൽ ശാശ്വതമായ സമാധാനം സ്ഥാപിക്കുക എന്ന ദൈവീകദർശനത്തോടെ എഴുന്നള്ളി വന്ന മഹാപരിശുദ്ധനായ മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സിന്റെ 83-ാമത് ദു:ഖ്റോനോ പെരുന്നാൾ ബാവായുടെ കബറിടം സ്ഥിതി ചെയ്യുന്ന മഞ്ഞനിക്കര ദയറായിൽ 2015 ഫെബ്രുവരി മാസം 8-ാം തീയതി മുതൽ 14-ാം തീയതി വരെ ***ആകമാന സുറിയാനി സഭയുടെ പരമ മേലദ്ധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവാ***യുടെ അനുഗ്രഹീത കാർമ്മികത്വത്തിൽ നടത്തപ്പെടുന്നതിനെ ഓർത്ത് നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. ആയതിന് വേണ്ട എല്ലാ ക്രമീകരണങ്ങളും പരി.സഭയും, സിംഹാസന പള്ളികളുടെ മെത്രാപ്പോലീത്തയുമായ അഭി.പിതാവായ ഗീവർഗ്ഗീസ് മോർ അത്താനാസിയോസ് തിരുമേനിയും, ദയറാ കമ്മിറ്റിയും കൂടി ആലോചിച്ച് ചെയ്തുവരുന്നു

പെരുന്നാൾ ആഘോഷങ്ങളുടെ ആരംഭ ദിവസമായ ഫെബ്രുവരി മാസം 8-ാം തീയതി ഞായറാഴ്ച പരി.സഭ പാത്രിയർക്കാദിനമായി ആഘോഷിക്കുന്നു. അന്നേദിവസം നമ്മുടെ എല്ലാപള്ളികളിലും പരി.അന്ത്യോഖ്യാ സിംഹാസനത്തോടുള്ള ഭയഭക്തി ബഹുമാന സൂചകമായി പാത്രിയർക്കാ പതാക ഉയർത്തുകയും പരി.പാത്രിയർക്കീസ് ബാവായ്ക്കുവേണ്ടിയും, പരി.സഭയിലെ എല്ലാ പ്രധാനാചാര്യന്മാർക്കുവേണ്ടിയും പ്രത്യേകാൽ സിറിയായിലെയും, ഇറാക്കിലെയും, തുർക്കിയിലെയും കലഹങ്ങൾ പരിഹരിക്കപ്പെട്ട് ദൈവീക സമാധാനം ഉണ്ടാകുവാനും, അവിടെ കഷ്ടത അനുഭവിക്കുന്ന വിശ്വാസികൾക്കു വേണ്ടിയും മുട്ടിപ്പായി പ്രാർത്ഥിക്കണം. മഹാപരിശുദ്ധന്റെ അനുഗ്രഹീത ഓർമ്മ പെരുന്നാളിനോടുബന്ധിച്ചുള്ള തീർത്ഥയാത്രയിൽ നോമ്പോടും, പ്രാർത്ഥനയോടും, അച്ചടക്കത്തോടും കൂടി പങ്കുകൊള്ളുവാനും, ഫെബ്രുവരി മാസം 13-ാം തീയതി വൈകീട്ട് പരി.പാത്രിയർക്കീസ് ബാവാ തിരുമനസ്സിന്റെ അനുഗ്രഹീത അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന പൊതുസമ്മേളനത്തിലും, 14-ാം തീയതി രാവിലെ പരി.പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെടുന്ന വി.കുർബ്ബാനയിലും സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ കരുതലുള്ളവരായിരിക്കണമെന്ന് പൈതൃക വാത്സല്യത്തോടെ നാം നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു.

പെരുന്നാളിനെ സംബന്ധിച്ചുള്ള വിവരങ്ങൾ പത്രമാധ്യമങ്ങൾ വഴിയും, മഞ്ഞനിക്കര ദയറായിൽ നിന്നുള്ള അറിയിപ്പ് മുഖേനയും നിങ്ങൾക്ക് ലഭിക്കുന്നതാണ്. എല്ലാ ദൈവമക്കളും നേർച്ച കാഴ്ചകളോടും കൂടി പരിശുദ്ധന്റെ ദു:ഖ്റോനോ പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചുകൊള്ളണമെന്ന് ഓർമ്മപ്പെടുത്തുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടേയും, സകല പരിശുദ്ധന്മാരുടേയും, ശുദ്ധിമതികളുടേയും, പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെയും, ഇന്ത്യയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹായുടേയും പ്രാർത്ഥനകളാൽതന്നെ, ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ......................

ദൈവം അനുഗ്രഹിക്കട്ടെ

പുത്തൻകുരിശ്
പാത്രിയർക്കാ സെന്ററിൽ നിന്നും
2015 ജനുവരി മാസം 2-ാം തീയതി

**ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക**